സങ്കരയിനം പശുക്കൾ

79 (2557) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എത്ര സങ്കരയിനം പശുക്കളാണ് സർക്കാർ ഉടമസ്ഥതയിലുള്ള ഫാമുകളിൽ ഉള്ളതെന്നറിയിക്കുമോ ;

(ബി) ലോകത്തിൽ ഏറ്റവും കൂടുതൽ പാലുൽപ്പാദിപ്പിക്കുന്ന സങ്കരയിനം പശുക്കളെ നമ്മുടെ ഫാമുകളിൽ വളർത്താൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ അത്തരം പശുക്കളെ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുമോ ;

(സി) കൂടുതൽ പാലുൽപ്പാദിപ്പിക്കുന്ന എരുമകൾക്കുമാത്രമായിട്ടുള്ള ഫാം സർക്കാർ ഉടമസ്ഥതയിൽ നടത്തുന്നുണ്ടോ ; ഇല്ലെങ്കിൽ ഇത്തരത്തിലുള്ള ഫാമുകൾ ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോ എന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) സർക്കാർ ഉടമസ്ഥതയിലുള്ള ഫാമുകളിൽ നിലവിലുള്ള സങ്കരയിനം പശുക്കളുടെ എണ്ണം താഴെ പറയും പ്രകാരമാണ് :

1.	ഡിസ്ട്രിക്ട് ലൈവ് സ്റ്റോക്ക് ഫാം കുടപ്പനക്കുന്ന്.	134
2.	ജേഴ്സി ഫാം, വിതുര	155
3.	ജേഴ്സി ഫാം എക്സ്റ്റൻഷൻ യൂണിറ്റ്, ചെറ്റച്ചൽ	145
4.	ബഹല്ലോ ബ്രീഡിംഗ് ഫാം കുരിയോട്ടുമല	143
	ആകെ	577

(ബി) ഉണ്ട്.

(സി) ഇല്ല. ഇത്തരത്തിലുള്ള ഫാമുകൾ ആരംഭിക്കുന്നകാര്യം പരിശോധിക്കുന്നതാണ് ഇപ്പോൾ ജേഴ്സി ഫാം, വിതുരയിൽ കൂടുതൽ പാലുൽപ്പാദിപ്പിക്കുന്ന എരുമകളെ വളർത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly